# ദുഃഖവെള്ളി : 2009 ഏപ്രിൽ 10

നമ്മുടെ കർത്താവിന്റെ രക്ഷാകരമായ മരണത്തിന്റെ സജീവസ്മരണകളുണർത്തുന്ന ദുഃഖവെള്ളി കാൽവരിയിലെ വിശുദ്ധ കുരിശിന്റെ ചുവട്ടിലേക്ക് ഒരിക്കൽകൂടി നമ്മെ മാടിവിളിക്കുകയാണ്. വിലക്കപ്പെട്ട കനിഭക്ഷിച്ച് ദൈവീകജീവൻ നഷ്ടപ്പെടുത്തിയ മനുഷ്യന് ജീവന്റെ കൂദാശയായിത്തീരുകയാണ് കാൽവരിയിലെ വി. കുരിശ്. പറുദീസായിൽ ദൈവം കനിഞ്ഞുനല്കിയ ജീവന്റെ വൃക്ഷം സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയായി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകയാണ് കാൽവരിക്കുന്നിലെ വിശുദ്ധകുരിശിൽ.

അനശ്വരതയെ ലക്ഷ്യംവെച്ചുകൊണ്ടുള്ള മനുഷ്യന്റെ പ്രയാണത്തിൽ 'വൃക്ഷം' എന്നും ശ്രദ്ധേയമായ പങ്കാണ് വഹിച്ചിട്ടുള്ളത്. തന്റെ ഭക്ഷണത്തിനും ആശ്വാസത്തിനും സുരക്ഷയ്ക്കും ആദിമ മനുഷ്യൻ ആശ്രയിച്ചത് ഈ വൃക്ഷത്തെയാണ്. കായ്കനികളും തണലും പാർപ്പിടവും പ്രദാനം ചെയ്ത വൃക്ഷത്തെ ഭക്ത്യാദരങ്ങളോടെയാണ് പ്രാകൃതമനുഷ്യൻ നോക്കികണ്ടത്. പൂർണ്ണമായും പ്രകൃതിയെ ആശ്രയിച്ചുകഴിഞ്ഞിരുന്ന മനുഷ്യന് നിലനില്പിന്റെ അച്ചാരമായിത്തീർന്നു വൃക്ഷം. കാൽവരിയിൽ ഈ വൃക്ഷം പുതിയ മാനങ്ങൾ കൈവരിക്കുകയാണ്. ദൈവസുതന്റെ ആത്മബലിയുടെ വേദിയായിത്തീർന്ന വൃക്ഷം യഥാർത്ഥത്തിൽ 'ജീവന്റെ' വൃക്ഷമായിത്തീരുകയാണ് കാൽവരിക്കുന്നിൽ. തന്റെ സൃഷ്ടാവിനെ ചുമലിലേറ്റുവാൻ ഭാഗ്യം സിദ്ധിച്ച ഈ വൃക്ഷം രക്ഷയുടെ തന്നെ പ്രതീകമാവുകയാണ്. മാരകമായ സർപ്പവിഷമേറ്റ യഹൂദവിശ്വാസിക്ക് മോശ മരുഭൂമിയിലുയർത്തിയ പിത്തളസർപ്പം (ഉല്പ.3:14-15, സംഖ്യാ. 21:89) രക്ഷാകരമായിത്തീർന്നതുപോലെ ദൈവസുതന്റെ കുരിശ് അനുതപിക്കുന്ന മനുഷ്യന് സ്വർഗ്ഗത്തിലേക്കുള്ള കവാടമായിത്തീരുകയാണ്. എന്നാൽ ആ വാതിലിലൂടെ അകത്തുപ്രവേശിക്കാൻ ആഗ്രഹിക്കുന്നവൻ കുരിശിനെ ആശ്ലേഷിക്കണം, കുരിശുവഹിക്കണം, കുരിശിന്റെ ജീവിതം നയിക്കണം.

നമ്മുടെ കർത്താവിനെ അടുത്തനുകരിക്കുവാൻ ശ്രമിക്കുന്നവൻ നിശ്ചയമായും അവിടുത്തെ പീഡാനുഭവത്തിലും പങ്കുകാരനായേ പറ്റൂ. അവൻ കുരിശിനോടു ചേർന്നു നില്ക്കണം; ക്രൂശിതന്റെ വേദനയിലൂടെ കടന്നുപോകണം; രക്ഷകൻ കടന്നുപോയ കുരിശിന്റെ വഴിയെ അവനും നടന്നുനീങ്ങണം; അവിടുത്തെ രക്തമൊലിക്കുന്ന മുറിവുകൾ അവന്റെ ജീവിതത്തിലും യാഥാർത്ഥ്യമായിത്തീരണം. ആ മുറിപ്പാടുകളാണ് അവന്റെ മഹത്വത്തിന്റെ അടയാളങ്ങൾ. സുപ്രസിദ്ധ കഥാകൃത്തായ ഫ്ളാനറി ഓകോണറുടെ ഹൃദയസ്പർശിയായ ഒരു ചെറുകഥയാണ് "Parker's Back". തന്റെ ശരീരം മുഴുവൻ പലതരത്തിലുള്ള ചിത്രങ്ങൾ പച്ചക്കുത്തുന്നതിൽ അമിതാവേശം കാണിച്ചിരുന്ന ഒരു ചെറുപ്പകാരനാണ് പാർക്കർ. വർഷങ്ങൾക്കുള്ളിൽ അവന്റെ ശരീരഭാഗങ്ങൾ മുഴുവനുംതന്നെ ചിത്രങ്ങൾകൊണ്ടു നിറഞ്ഞു. നായികാനായകന്മാരും, പക്ഷിമൃഗാദികളും യന്ത്രോപകരണങ്ങളും അവന്റെ ത്വക്കിൽ പച്ചകുത്തപ്പെട്ടു. പാർക്കറെ സംബന്ധിച്ചിടത്തോളം ഇവ വെറും ചിത്രങ്ങളായിരുന്നില്ല, അവ ജീവിക്കുന്ന യാഥാർത്ഥ്യങ്ങളായിരുന്നു. ചില നിമിഷങ്ങളിൽ പച്ചകുത്തപ്പെട്ട ചിത്രങ്ങൾ ജീവൻ പ്രാപിച്ച് അവന്റെ ഉള്ളിൽ പ്രവേശിച്ച് ഘോരയുദ്ധത്തിലേർപ്പെട്ടിരിക്കുന്നതുപോലെ പാർക്കർക്ക് അനുഭവപ്പെട്ടു. എങ്കിലും

തന്റെ ശരീരത്തിൽ ഇനി അവശേഷിക്കുന്ന പുറംഭാഗം പച്ചകുത്തുവാൻ അവൻ വെമ്പൽകൊള്ളുകയാണ്. അത് ഒരു അനിവാര്യതയായി അവന് അനുഭവപ്പെടുകയാണ്. അസ്വസ്ഥതയുടെ മൂർദ്ധന്യത്തിൽ അവൻ നഗരത്തിലുള്ള Tattoo artist -നെ (ടാറ്റൂ ആർട്ടിസ്റ്റിനെ )സമീപിച്ച് തന്റെ പുറത്ത് ദൈവത്തെ പച്ചകുത്തുവാൻ ആവശ്യപ്പെടുന്നു. Tattoo Album-ത്തിൽ (ടാറ്റൂ ആൽബത്തിൽ) കണ്ടെത്തിയ ഒരു ബൈസന്റയിൻ കലാകാരൻ വരച്ച ക്രിസ്തുവിന്റെ മുഖം ദിവസങ്ങളെടുത്ത് പാർക്കറുടെ പുറത്ത് പച്ചകുത്തി.

തന്റെ ജീവിതം അർത്ഥപൂർണ്ണമായതുപോലെ പാർക്കർക്കുതോന്നി. താൻ ആകെ മാറിയതുപോലെ അവനു തോന്നി. പ്രത്യേകമായ ഒരു മാനസികാവസ്ഥയോടെ അവൻ വീട്ടിലേക്കു കുതിച്ചു. ചിത്രങ്ങളേയും വിഗ്രഹങ്ങളേയും വെറുക്കുന്ന ഭാര്യയുടെ മുമ്പിൽ അവൻ പ്രത്യക്ഷപ്പെട്ടു. നിശ്ചയമായും ദൈവത്തെ അവൾ മാനിക്കുമെന്ന്, സ്വീകരിക്കുമെന്ന് പാർക്കർ പ്രത്യാശിച്ചു. എന്നാൽ പാർക്കറുടെ പുറത്ത് ക്രിസ്തുവിന്റെ രൂപം കണ്ട ഉടൻ അവൾ ചൂലെടുത്ത് അവന്റെ പുറത്ത് ആഞ്ഞടിച്ചു. അടികളുടെ ആഘാതത്താൽ പച്ചകുത്തപ്പെട്ട ക്രിസ്തുവിന്റെ മുഖത്ത് മുറിവുകൾ വീണു. ആ മുറിപ്പാടുകളിൽ നിന്ന് രക്തതുള്ളികൾ അടർന്നു വീണു. അടിയേറ്റുതളർന്ന പാർക്കറെ അവൾ മുൻവാതിലൂടെ വീടിനു പുറത്തേക്ക് തള്ളിയിട്ടു. അവശനായ പാർക്കർ വീട്ടുമുറ്റത്ത് ഒറ്റക്ക് നില്ക്കുന്ന വൃക്ഷത്തിലേക്ക് ചെന്നുവീണു. ക്രിസ്തുചിത്രം പച്ചകുത്തിയതിന്റെ പേരിൽ പീഡിപ്പിക്കപ്പെടുകയും തിരസ്കൃതനാവുകയും ചെയ്ത പാർക്കറെ വഹിക്കുന്ന ആ വൃക്ഷം കാൽവരിയിലെ വിശുദ്ധകുരിശിന്റെ പ്രതീകമായിത്തീരുകയാണ്. പാർക്കർ ക്രിസ്തുവിന്റെ രക്ഷാകരമായ പീഡാനുഭവത്തിൽ പങ്ക് ചേരുന്നു. സഹനം അവന്റെ ജീവിതത്തെ ധന്യമാക്കുന്നു. പരിഭവമില്ലാതെ, എതിർക്കാതെ സഹിക്കുന്ന പാർക്കർ ക്രിസ്തുവിന്റെ മനോഭാവം സ്വന്തമാക്കുകയാണ്. അതുകൊണ്ടുതന്നെ രക്ഷകന്റെ കുരിശിന്റെ ശീതളഛായയിൽ ആശ്വാസം കണ്ടെത്തുവാൻ പാർക്കർക്കു സാധിക്കുന്നു.

ക്രിസ്തുവിനെ പച്ചകുത്തിയിട്ടുള്ളവരാണല്ലോ ക്രിസ്ത്യാനികളായ നാം. പച്ചകുത്തപ്പെട്ടവന്റെ മനോഭാവം സ്വന്തമാക്കുവാൻ കഴിയുന്നുണ്ടോയെന്ന് ഒരു നിമിഷം നമുക്കു ചിന്തിക്കാം. പിതൃഹിതം നിറവേറ്റുവാൻ കുരിശിന്റെ ജീവിതം സ്വയം ആശ്ലേഷിച്ചവനാണ് ദൈവസുതൻ. അവിടുത്തെ ജീവിതം കാൽവരിയെ ലക്ഷ്യമാക്കിക്കൊണ്ടുള്ള യാത്രയായിരുന്നു. കുരിശിനെതിരായ പ്രലോഭനങ്ങളെ ഒന്നൊന്നായി അവിടുന്ന് ചെറുത്തു തോല്പിച്ചു. കുരിശിൽ നിന്നിറങ്ങി വരുവാനുള്ള അവസാനവെല്ലുവിളിപോലും അവിടുന്ന് അവഗണിച്ചു. ഇപ്രകാരം അവഗണനയുടെ, അപമാനത്തിന്റെ പ്രതീകമായിരുന്ന കുരിശിനെ അവിടുന്ന് മഹത്വത്തിന്റെ ചിഹ്നമാക്കി മാറ്റി. മനുഷ്യൻ അപമാനമായി കരുതിയിരുന്നവ ദൈവം ശ്രേഷ്ഠമാക്കി. അവിടുത്തെ മഹത്വീകരിച്ച കാൽവരിയിലെ കുരിശാകട്ടെ നമ്മുടെയും ജീവിതലക്ഷ്യം. കുരിശിലൂടെ നമുക്കും മഹത്വം പ്രാപിക്കാം. കുരിശില്ലാതെ യഥാർത്ഥ മഹത്വമില്ല എന്ന പരുപരുത്ത യാഥാർത്ഥ്യം നമുക്ക് അംഗീകരിക്കാം.

**ഫാ. ജോസഫ് പുതുമന**